സ്കൂൾ ഹെൽത്ത് പ്രോഗ്രാം

* 299. [322] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ :
,, എ. കെ. പത്മനാഭൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, സി. കെ. തങ്കപ്പൻ :
,, ടി. കെ. ആറുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ ഹെൽത്ത് പ്രോഗ്രാം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഇല്ല.

(ബി) ഓരോ വർഷവും വൈദ്യപരിശോധനയ്ക്കുള്ള ക്ലാസുകൾ തെരഞ്ഞെടുക്കുന്നത് എല്ലാസ്കൂളുകളും ഉൾപ്പെടുന്നതരത്തിലായിരുന്നു. ഒന്നു മുതൽ പത്തു വരെയുള്ള അൻപത്തിയാറു ലക്ഷം വിദ്യാർത്ഥികളേയും വൈദ്യപരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഇന്നുള്ള മെഡിക്കൽ ഓഫീസേഴ്സിന്റെയും മറ്റു സ്റ്റാഫ് അംഗങ്ങളുടെയും എണ്ണം അപര്യാപ്തമായതിനാലാണ് എല്ലാ സ്കൂളുകളിലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തത്.

പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പുനർവിഭജനം

* 300. [324] ശ്രീ. ടി. കെ. ഹംസ :
,, വർക്കല രാധാകൃഷ്ണൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, കോടിയേരി ബാലകൃഷ്ണൻ :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗം പുനർ വിഭജനം ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ പുനർവിഭജനത്തിന് ശേഷമുള്ള പ്രവർത്തനത്തെപ്പറ്റി ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) :

(എ) പൊതുമരാമത്തു വകുപ്പിലെ ബിൽഡിംഗ്സ് ആൻറ് റോഡ്സ് വിഭാഗം, റോഡ്സ് ആൻറ ബ്രിഡ്ജസ്, ബിൽഡിംഗ്സ് ആൻറ് ലോക്കൽ വർക്സ് എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായി പുനഃസംഘടിപ്പിച്ചിട്ടുണ്ട് .

(ബി) പുനഃസംഘടനയ്ക്കുശേഷമുള്ള പ്രവർത്തനത്തെപ്പറ്റി പ്രത്യേകമായി വിലയിരുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly